**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2836** **24-02-2026 - ൽ മറുപടിയ്ക്ക്**

**കാട്ടാമ്പള്ളി റെഗുലേറ്റർ -കം- ബ്രിഡ്ജ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കണ്ണൂർ ജില്ലയിലെ അഴീക്കോട് മണ്ഡലത്തിലെ കാട്ടാമ്പള്ളി റെഗുലേറ്റർ -കം -ബ്രിഡ്ജ് നവീകരണം പ്രവൃത്തിയിൽ (റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെട്ടുത്തിയത്) ഉൾപ്പെടുന്ന അനുബന്ധ പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | 2018-ലെ പ്രളയത്തെ തുടർന്ന് റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി കാട്ടാമ്പള്ളി ആർ.സി.ബിയുടെ പുനരുദ്ധാരണത്തിനായി സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് യഥാക്രമം 2.40 കോടി രൂപയുടെയും 4.30 കോടി രൂപയുടെയും 14.8 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയിരുന്നു.<br><br>**സിവിൽ**<br><br>സിവിൽ പ്രവൃത്തിയ്ക്ക് 2.40 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും, തുടർന്ന് ടെൻഡർ നടപടികൾ പൂർത്തീകരിച്ചുവെങ്കിലും കരാറുകാരൻ പ്രവൃത്തി ആരംഭിക്കാത്തതിനാൽ പ്രസ്തുത കരാർ റദ്ദ് ചെയ്യുകയുണ്ടായി. കാട്ടാമ്പള്ളി പദ്ധതി അഞ്ച് പതിറ്റാണ്ടിൽ കൂടുതൽ കാലപ്പഴക്കമുള്ള പദ്ധതി ആയതിനാലും പുനരുദ്ധാരണ പ്രവൃത്തികൾ മുന്നോട്ട് കൊണ്ടുപോവാൻ സാധിക്കാതെ വന്ന സാഹചര്യത്തിലും കരാറുകാർ ഭീമമായ നിരക്ക് രേഖപ്പെടുത്തിയ സാഹചര്യത്തിലും ആർസിബിയുടെ നിലവിലെ അവസ്ഥ മനസ്സിലാക്കുന്നതിന് ഇൻവെസ്റ്റിഗേഷൻ നടത്തുവാൻ തീരുമാനിച്ചു. പ്രസ്തുത പ്രവൃത്തി പുന: ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട് ആർസിബിയുടെ ജലവിതാനത്തിന് താഴെ ഭാഗത്തുള്ള കേടുപാടുകൾ ശാസ്ത്രീയമായി കണ്ടെത്തുന്നതിന്റെ സാധ്യതകൾ പരിശോധിക്കാൻ നിർദേശമുണ്ടാവുകയും റഗുലേറ്ററിന്റെ കേടുപാടുകൾ പര്യവേഷണ പ്രവൃത്തിയിലൂടെ കണ്ടെത്തുന്നതിന് ഈ മേഖലയിലെ വിദഗ്ധ സ്ഥാപനമായ KERI പീച്ചിയെ ചുമതലപ്പെടുത്തി 2024 നവംബർ മാസത്തിൽ പര്യവേഷണ പ്രവൃത്തി പൂർത്തീകരിച്ചു. 11 കോടിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പുതുക്കിയ ഭരണാനുമതിയ്ക്കായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു. |

പ്രസ്തുത സിവിൽ എസ്റ്റിമേറ്റിൽ ആർസിബി-യുടെ നവീകരണ പ്രവൃത്തി, പാലത്തിന്റെ കൈവരിയുടെ അറ്റകുറ്റ പണി, ഓഫീസ് കെട്ടിടത്തിന്റെ നവീകരണ പ്രവൃത്തി എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

**മെക്കാനിക്കൽ**

മെക്കാനിക്കൽ പ്രവൃത്തിയ്ക്ക് 19-09-2020-ന് കരാർ ഒപ്പുവെച്ചതും, 24-09-2020-ന് സൈറ്റ് കൈമാറിയതുമാണ്. ഇതുവരെ ഏകദേശം 39% ഭൗതിക പുരോഗതിയും 29.4% സാമ്പത്തിക പുരോഗതിയും കൈവരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സിവിൽ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. മെക്കാനിക്കൽ എസ്റ്റിമേറ്റിൽ 13 എണ്ണം ടൈഡ് റെഗുലേറ്റർ ഷട്ടറുകളുടെയും ബോട്ടം ടൈഡ് ഷട്ടർ പുനഃസ്ഥാപിക്കൽ, ടോപ് ടൈഡ് ഷട്ടറുകളുടെ പാച്ച് വർക്ക്, എംബെഡഡ് പാർട്സുകളുടെ പുനരുദ്ധാരണം, Hoisting bridge-ന്റെ റിപ്പയർ പ്രവൃത്തി, ഹോയ്സ്റ്റിംഗ് യൂണിറ്റിന്റെ ഓവറോളിംഗും ലോക്ക് ഷട്ടറുകൾ മുഴുവനായും പുനഃസ്ഥാപിക്കൽ, ഇലക്ട്രിക്ക് മോട്ടോർ സപ്ലൈ ചെയ്യൽ എന്നീ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

സിവിൽ പ്രവൃത്തികളൊന്നും നടക്കാത്തതിനാൽ മെക്കാനിക്കൽ പ്രവൃത്തി നടത്തുവാനുള്ള സാഹചര്യമില്ലാത്തതിനാൽ, ഫോർക്ലോസ് ചെയ്യുവാനുള്ള അപേക്ഷ മെക്കാനിക്കൽ പ്രവൃത്തിയുടെ കരാറുകാരൻ സമർപ്പിക്കുകയും, 13/01/2026-ന് കോഴിക്കോട് ഇറിഗേഷൻ നോർത്ത് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ അദ്ധ്യക്ഷതയിൽ സിവിൽ,മെക്കാനിക്കൽ, ഇലക്ട്രിക്കൽ വിഭാഗം ഉദ്യോഗസ്ഥർ പങ്കെടുത്ത യോഗത്തിൽ മെക്കാനിക്കൽ പ്രവൃത്തി ഫോർക്ലോസ് ചെയ്യുന്നതിനും മെക്കാനിക്കൽ പ്രവൃത്തിയുടെ ബാലൻസ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ മെക്കാനിക്കൽ പ്രവൃത്തിയുടെ പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഇലക്ട്രിക്കൽ**

സിവിൽ, മെക്കാനിക്കൽ പ്രവൃത്തികൾക്ക് മാറ്റം വന്നതിനാൽ ഇലക്ട്രിക്കൽ പ്രവൃത്തികളുടെയും പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ 13/01/2026-ലെ യോഗത്തിൽ തീരുമാനമായതിൻപ്രകാരം പ്രസ്തുത

| | | | |
|---|---|---|---|
| | | | പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; ആയതിന്റെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | 2018-ലെ പ്രളയത്തെ തുടർന്ന് റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി കാട്ടാമ്പള്ളി ആർ.സി.ബിയുടെ പുനരുദ്ധാരണത്തിനായി സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് യഥാക്രമം 2.40 കോടി രൂപയുടെയും 4.30 കോടി രൂപയുടെയും 14.8 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയിരുന്നു.<br><br>**<u>സിവിൽ</u>**<br><br>സിവിൽ പ്രവൃത്തിയ്ക്ക് 2.40 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും, തുടർന്ന് ടെൻഡർ നടപടികൾ പൂർത്തീകരിച്ചുവെങ്കിലും കരാറുകാരൻ പ്രവൃത്തി ആരംഭിക്കാത്തതിനാൽ പ്രസ്തുത കരാർ റദ്ദ് ചെയ്യുകയുണ്ടായി. കാട്ടാമ്പള്ളി പദ്ധതി അഞ്ച് പതിറ്റാണ്ടിൽ കൂടുതൽ കാലപ്പഴക്കമുള്ള പദ്ധതി ആയതിനാലും പുനരുദ്ധാരണ പ്രവൃത്തികൾ മുന്നോട്ട് കൊണ്ടുപോവാൻ സാധിക്കാതെ വന്ന സാഹചര്യത്തിലും കരാറുകാർ ഭീമമായ നിരക്ക് രേഖപ്പെടുത്തിയ സാഹചര്യത്തിലും ആർസിബിയുടെ നിലവിലെ അവസ്ഥ മനസ്സിലാക്കുന്നതിന് ഇൻവെസ്റ്റിഗേഷൻ നടത്തുവാൻ തീരുമാനിച്ചു. പ്രസ്തുത പ്രവൃത്തി പുന: ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട് ആർസിബിയുടെ ജലവിതാനത്തിന് താഴെ ഭാഗത്തുള്ള കേടുപാടുകൾ ശാസ്ത്രീയമായി കണ്ടെത്തുന്നതിന്റെ സാധ്യതകൾ പരിശോധിക്കാൻ നിർദേശമുണ്ടാവുകയും റഗുലേറ്ററിന്റെ കേടുപാടുകൾ പര്യവേഷണ പ്രവൃത്തിയിലൂടെ കണ്ടെത്തുന്നതിന് ഈ മേഖലയിലെ വിദഗ്ധ സ്ഥാപനമായ KERI പീച്ചിയെ ചുമതലപ്പെടുത്തി 2024 നവംബർ മാസത്തിൽ പര്യവേഷണ പ്രവൃത്തി പൂർത്തീകരിച്ചു. 11 കോടിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പുതുക്കിയ ഭരണാനുമതിയ്ക്കായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു.<br><br>പ്രസ്തുത സിവിൽ എസ്റ്റിമേറ്റിൽ ആർസിബി-യുടെ നവീകരണ പ്രവൃത്തി, പാലത്തിന്റെ കൈവരിയുടെ അറ്റകുറ്റ പണി, ഓഫീസ് കെട്ടിടത്തിന്റെ നവീകരണ പ്രവൃത്തി എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.<br><br>**<u>മെക്കാനിക്കൽ</u>**<br><br>മെക്കാനിക്കൽ പ്രവൃത്തിയ്ക്ക് 19-09-2020-ന് കരാർ ഒപ്പുവെച്ചതും, 24-09-2020-ന് സൈറ്റ് കൈമാറിയതുമാണ്. ഇതുവരെ ഏകദേശം 39% |

| | | | |
|---|---|---|---|
| | | | ഭൗതിക പുരോഗതിയും 29.4% സാമ്പത്തിക പുരോഗതിയും കൈവരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സിവിൽ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. മെക്കാനിക്കൽ എസ്റ്റിമേറ്റിൽ 13 എണ്ണം ട്ട ടൈർ റെഗുലേറ്റർ ഷട്ടറുകളുടെയും ബോട്ടം ടൈർ ഷട്ടർ പുനഃസ്ഥാപിക്കൽ, ടോപ് ടൈർ ഷട്ടറുകളുടെ പാച്ച് വർക്ക്, എംബെഡഡ് പാർട്സ്സുകളുടെ പുനരുദ്ധാരണം, Hoisting bridge-ന്റെ റിപ്പയർ പ്രവൃത്തി, ഹോയ്സ്റ്റിംഗ് യൂണിറ്റിന്റെ ഓവറോളിംഗും ലോക്ക് ഷട്ടറുകൾ മുഴുവനായും പുനഃസ്ഥാപിക്കൽ, ഇലക്ട്രിക്ക് മോട്ടോർ സപ്ലൈ ചെയ്യൽ എന്നീ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.<br><br>സിവിൽ പ്രവൃത്തികളൊന്നും നടക്കാത്തതിനാൽ മെക്കാനിക്കൽ പ്രവൃത്തി നടത്തുവാനുള്ള സാഹചര്യമില്ലാത്തതിനാൽ, ഫോർക്ലോസ് ചെയ്യുവാനുള്ള അപേക്ഷ മെക്കാനിക്കൽ പ്രവൃത്തിയുടെ കരാറുകാരൻ സമർപ്പിക്കുകയും, 13/01/2026-ന് കോഴിക്കോട് ഇറിഗേഷൻ നോർത്ത് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ അദ്ധ്യക്ഷതയിൽ സിവിൽ,മെക്കാനിക്കൽ, ഇലക്ട്രിക്കൽ വിഭാഗം ഉദ്യോഗസ്ഥർ പങ്കെടുത്ത യോഗത്തിൽ മെക്കാനിക്കൽ പ്രവൃത്തി ഫോർക്ലോസ് ചെയ്യുന്നതിനും മെക്കാനിക്കൽ പ്രവൃത്തിയുടെ ബാലൻസ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ മെക്കാനിക്കൽ പ്രവൃത്തിയുടെ പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>**<u>ഇലക്ട്രിക്കൽ</u>**<br><br>സിവിൽ, മെക്കാനിക്കൽ പ്രവൃത്തികൾക്ക് മാറ്റം വന്നതിനാൽ ഇലക്ട്രിക്കൽ പ്രവൃത്തികളുടെയും പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ 13/01/2026-ലെ യോഗത്തിൽ തീരുമാനമായതിൻപ്രകാരം പ്രസ്തുത പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ പ്രവൃത്തികളുടെ പുതുക്കിയ എസ്റ്റിമേറ്റിന് ആവശ്യമായ അനുമതികൾ ലഭിച്ചാൽ ഉടൻ ബാക്കിയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ഡി) | പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഡി) | സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ പ്രവൃത്തികളുടെ പുതുക്കിയ എസ്റ്റിമേറ്റിന് ആവശ്യമായ അനുമതികൾ |

| | | | |
|---|---|---|---|
| | | | ലഭിച്ചാൽ ഉടൻ ബാക്കിയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ